**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 659** **05-10-2021 - ൽ മറുപടിയ്ക്ക്**

**സൗരോർജ്ജ പദ്ധതികളിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | **Shri. K. Krishnankutty**<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വിവിധ സൗരോർജ്ജ പദ്ധതികളിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതിയാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | വിവിധ സൗരോർജ്ജ പദ്ധതികളിൽ നിന്നും 304.208 മെഗാവാട്ട് വൈദ്യുതിയാണ് സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നത്. |
| (ബി) | സൗരോർജ്ജ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി നിലവിൽ ഏതെല്ലാം പദ്ധതികളാണുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | i. കെ.എസ്.ഇ.ബി-യുടെ ഉടമസ്ഥതയിലുള്ള വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ നിലയങ്ങൾ - 11.5 മെഗാവാട്ട് ശേഷിയുള്ളത്. ii. സർക്കാർ സ്ഥാപനങ്ങളുടെ മേൽക്കൂരയിൽ ഡെപ്പോസിറ്റ് വർക്ക് മാതൃകയിൽ സ്ഥാപിക്കുന്ന സൗരോർജ്ജ നിലയങ്ങൾ 4.6 മെഗാവാട്ട് ശേഷിയുള്ളത്. iii. ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സൗരോർജ്ജ നിലയങ്ങൾ- 7.8 മെഗാവാട്ട് ശേഷിയുള്ളത്. iv. PM-KUSUM പദ്ധതി പ്രകാരം കർഷകരുടെ കൃഷിയോഗ്യമല്ലാത്തതോ തരിശ്ശോ ആയ ഭൂമിയിൽ 2 മെഗാവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് 40 മെഗാവാട്ടിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. കർഷകർക്ക് സ്വന്തം ചെലവിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ച് അതിൽ നിന്ന് ലഭിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ-ന് വിൽക്കുകയോ സ്ഥല വാടക സ്വീകരിച്ചു കൊണ്ട് കർഷകർക്ക് തങ്ങളുടെ ഭൂമി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാനായി നൽകികൊണ്ട് പദ്ധതിയിൽ പങ്ക് ചേരാവുന്നതാണ്. കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചു വരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേക്ക് മാറ്റുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ PM-KUSUM പദ്ധതി അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ ലഭിച്ച അപേക്ഷകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായി കണ്ടെത്തിയ 100 അപേക്ഷകർക്ക് പമ്പ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ 6,000 കൃഷിക്കാരെ കണ്ടെത്തുന്നതിനുള്ള നടപടികൾ ഈ വർഷം അനെർട്ട് സ്വീകരിക്കുന്നതാണ്. 1 മുതൽ 7.5 എച്ച്.പി. വരെ ശേഷിയുള്ള പമ്പുകൾക്ക് കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ധനസഹായം ലഭ്യമാക്കും. അധിക വൈദ്യുതി കെ.എസ്.ഇ.ബി. ക്ക് നൽകുന്നതിലൂടെ കർഷകർക്ക് അധിക വരുമാനവും ഉണ്ടാകും. കേരളത്തിൽ സൗരോർജ്ജ മേഖലയിലെ റെസ്കോ - റിന്യൂവബൾ എനർജി സർവീസ് കമ്പനി (റിന്യൂവബിൾ എനർജി സേവന ദാതാവ്) മോഡൽ പദ്ധതി അനെർട്ട് സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്. സർക്കാർ-പൊതുമേഖല സ്ഥാപനങ്ങളിൽ സൗരോർജ്ജവല്ക്കരിക്കുന്നതിന്റെ ഭാഗമായി അനെർട്ടിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി സൗര വൈദ്യുതി നിലയം സ്ഥാപനങ്ങളിൽ സ്ഥാപിക്കുകയും തുടർന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി നിശ്ചിത നിരക്കിൽ അതാത് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുയും ചെയ്യുന്നതാണ് പദ്ധതി. ഇലക്ട്രിക് വാഹനങ്ങൾക്കായുള്ള ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്റ്റേഷനുകളിൽ ഇതിനായി അനെർട്ട് മുഖേന ധനസഹായം നൽകുന്നതിനുള്ള പദ്ധതി ഈ സാമ്പത്തികവർഷം നടപ്പിലാക്കുന്നതാണ്. സർക്കാർ സ്ഥാപനങ്ങൾ അനെർട്ട് മുഖേന ഡെപ്പോസിറ്റ് വർക്കായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുമ്പോൾ പത്ത് ശതമാനം തുക ഇൻസെന്റീവ് ആയി നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. കൂടാതെ സർക്കാർ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള വാറണ്ടി കാലാവധി കഴിഞ്ഞ ഓഫ് ഗ്രിഡ് സോളാർ പ്ലാന്റുകൾ (ബാറ്ററി സംവിധാനം ഉള്ളത്) ഗ്രിഡ് ബന്ധിത പ്ലാന്റുകളാക്കി മാറ്റുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്. |
| (സി) | വീടുകളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | 2019-20 മുതലാണ് ഗാർഹിക ഉപഭോക്താക്കൾക്കായുള്ള സബ്സിഡി പദ്ധതി കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പാക്കുന്നത്. 2019-ന് മുൻപും ഗാർഹിക ഉപഭോക്താക്കൾക്കുള്ള സൗരോർജ്ജ സബ്സിഡി പദ്ധതികൾ ANERT മുഖേനയാണ് നടപ്പാക്കിയിരുന്നത്. 2019-20 വർഷത്തിൽ കെ.എസ്.ഇ.ബി.എൽ, 10.2 മെഗാവാട്ട്, 2020-21 വർഷത്തിൽ 23.4 മെഗാവാട്ട് എന്നിങ്ങനെ വർക്ക് ഓർഡറുകൾ നൽകുകയും നിലയനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. ഇതിൽ 2019-20 വർഷത്തെ ഓർഡർ പ്രകാരം (മെഗാവാട്ട് ശേഷി) നിലയങ്ങൾ (292 എണ്ണം) നാളിതുവരെ പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ